മലപ്പുറത്തെ മേഖലാ ബിജസങ്കലന കേന്ദ്രം

124 (3053) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ മേഖലാ ബിജ സങ്കലനകേന്ദ്രത്തിനു കീഴിൽ എത്ര ബിജസങ്കലന ഉപകേന്ദ്രങ്ങളുണ്ട്;

(ബി) മേഖലാ കേന്ദ്രം ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത്;

(സി) ഇവിടെ ആവശ്യത്തിന് സ്റ്റാഫ് ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ഡി) ഉപകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം, അലവൻസ് മുതലാ യവ യഥാസമയം ലഭ്യമാക്കുവാനും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സുഗമ മാക്കുവാനും തിരൂരിലും പെരിന്തൽമണ്ണയിലും പുതിയ രണ്ട് മേഖലാ കേന്ദ്ര ങ്ങൾ തുടങ്ങാനും പദ്ധതിയുണ്ടോ;

(ഇ) എങ്കിൽ പുതിയ മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 113

(ബി) നിലമ്പൂർ

(സി) ഉണ്ട്.

(ഡി)&(ഇ) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

'പാലും മുട്ടയും ഇറച്ചിയും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ നടപടി'

125 (3054) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വി നോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനിമൽ ഹസ്ബൻഡറി, ഡയറി ഡെവലപ്മെന്റ്, മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവവഴി കുറഞ്ഞ വിലയ്ക്ക് പാലും മുട്ടയും, ഇറച്ചിയും വിത രണം ചെയ്യുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്?

ഉത്തരം

ക്ഷീരകർഷകരിൽനിന്നും പാൽ ശേഖരിച്ച് ന്യായമായ വിലയ്ക്ക് ഉപ ഭോക്താക്കൾക്ക് നൽകിവരുന്നു. കോഴി വളർത്തൽ കേന്ദ്രങ്ങളിൽനിന്നും കോഴിമുട്ടയും ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ പേട്ട ഐ.പി.ഡി. ബ്ലോക്കിൽനിന്നും ന്യായവിലയ്ക്ക് കോഴിയിറച്ചി വിതരണം നടത്തുന്നുണ്ട്. ഇതുകൂടാതെ ക്രിസ്തുമസ്, റംസാൻ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഇറച്ചി ലഭ്യമാക്കുന്നതിനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ് നേരിട്ട് പ്രത്യേക സ്റ്റാളുകൾ തുറന്ന് പ്രവർത്തിപ്പിക്കാറുണ്ട്. ഈ സ്റ്റാളുകൾവഴി കോഴിയിറച്ചിക്കു പുറമെ താറാവ് ഇറച്ചി, ടർക്കി ഇറച്ചി, മുയൽ ഇറച്ചി, കാടക്കോഴി ഇറച്ചി എന്നിവയും വിതരണം നടത്തിവരുന്നു.

'മൃഗസംരക്ഷണ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ'

126 (3055) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ മൃഗാശുപത്രികൾ ഉൾപ്പെടെയുള്ള മൃഗാശുപത്രികളിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടിക്രമം വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ 10 സീനിയർ സൂപ്രണ്ടുമാരുടെയും 11 എൽ.ഡി. ക്ലാർക്കുമാരുടെയും ഒരു എൽ.ഡി. ടൈപ്പിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 13.07.1998-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റുമാരുടെ ലിസ്റ്റ്

127 (3056) ശ്രീ. പി.ജെ ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രതിരോധസേനയിലുള്ളവരുടെ ആശ്രിതർക്ക് വേണ്ടി തയ്യാറാക്കിയ തൃശ്ശൂർ ജില്ലയിലെ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റുമാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) ഇനി എത്രപേരെ കൂടി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24.6.99-ൽ കാലാവധി കഴിഞ്ഞ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

(ബി) 19 പേർക്ക് നിയമനം നൽകിയെങ്കിലും 18 പേർമാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളു.

[+] അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly